"ഭരണഭാഷ മാതൃഭാഷ"

# കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956-ലെ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)

രജി: ഓഫീസ്: വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം -695 004

CIN.U40100KL2011SGCO27424, വെബ്സൈറ്റ്: www.kseb.in

ടെലഫോൺ നം: +91-471-4283. ഇമെയിൽ: drees@kseb.in

**സംഗ്രഹം.**

കെ.എസ്.ഇ.ബി.എൽ.-ൽ ജീവനക്കാർക്കും പെൻഷൻകാർക്കും, ഒപ്പം പൊതുജനങ്ങൾക്കും ബാങ്ക് ലോൺ തരപ്പെടുത്തി സൗര സബ്സിഡി സ്കീം കൂടുതൽ ജനകീയമാക്കുന്നതിനായി പുറപ്പെടുവിക്കുന്ന - ഉത്തരവ്.

**കോർപ്പറേറ്റ് ഓഫീസ് (റീസ്, സൗര, സ്പോർസ് & വെൽഫയർ)**

**ബി.ഒ.(എഫ്.റ്റി ഡി.) നം. 803/2021 ഡയറക്ടർ (റീസ്, സൗര, സ്പോർട്സ് & വെൽഫയർ)/ജനറൽ/2021-22)**

തിരുവനന്തപുരം തീയതി 28.10.2021.

സൂചന:- ഡയറക്ടർ (റീസ്, സൗര, സ്പോർട്സ് & വെൽഫയർ)/ജനറൽ/2021-22) 05.10.2021-ന് മുഴുവൻ സമയ ഡയറക്ടർമാർക്ക് സമർപ്പിച്ച കുറിപ്പ് (അജണ്ട നമ്പർ.80/10/2021.).

**ഉത്തരവ്**

കെ.എസ്.ഇ.ബി.എൽ-ൽ ഏകദേശം അമ്പതിനായിരത്തോളം വരുന്ന ജീവനക്കാരെയും, പെൻഷൻകാരെയും ആകർഷിച്ച് സൗര സ്കീമിൽ ഉൾപ്പെടുത്താനായാൽ സൗര സ്കീം കൂടുതൽ ജനങ്ങളിലേക്ക് എത്തും. കെ.എസ്.ഇ.ബി.എൽ.-ൽ ജീവനക്കാരുടെയും, പെൻഷൻകാരുടെയും ശമ്പളത്തിൽ നിന്നും , പെൻഷനിൽ നിന്നും പ്രതിമാസം ലോൺ തുക പിടിച്ച് ബാങ്കിന് അടക്കുന്ന തരത്തിൽ ഒരു പദ്ധതി ആവിഷ്കരിച്ചാൽ നിരവധി ജീവനക്കാരും പെൻഷൻകാരും സൗര സബ്സിഡി സ്കീമിൽ ചേരുകയും ചെയ്യും.

MNRE പ്രഖ്യാപിച്ചിട്ടുള്ള 3KWp വരെ 40% സബ്സിഡിയും അതിനു മുകളിൽ 10KWp വരെ 20% സബ്സിഡിയും നിലനിൽക്കെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ 60 മാസ തവണകളായി 7.5% -ൽ താഴെ പലിശ നിരക്കിൽ ലഘു നടപടികളിൽ ജീവനക്കാർക്കും, പൊതുജനങ്ങൾക്കും ലോൺ തരാമെന്ന് സമ്മതമറിയിച്ചിട്ടുണ്ട്. പലിശ നിരക്കിൽ മാറ്റമുണ്ടെങ്കിലും കാനറാബാങ്കും ഫെഡറൽ ബാങ്കും ലോൺ തരാമെന്ന് സമ്മതവുമറിയിച്ചിട്ടുണ്ട്.

ലോൺ ആവശ്യമുള്ള കൺസ്യൂമർക്ക് രേഖകൾ സോളാർ കമ്പനികൾ തന്നെ ശരിയാക്കുകയും, ആയതിന് എംപാനൽ ചെയ്ത കമ്പനികളും സൗരയുമായി ധാരണയുണ്ടാകുകയും ലോൺ തുകയുടെ തിരിച്ചടവ് വൈദ്യുതി ബില്ല് മുഖേന സ്വീകരിച്ച് കെ.എസ്.ഇ.ബി.എൽ-ൽ ബാങ്കുകൾക്ക് നൽകാനുമായാൽ സൗര സ്കീം കൂടുതൽ ജനകീയമാകും. എന്നാൽ ഇത്തരത്തിലുള്ള തിരിച്ചടവിൽ വീഴ്ച വന്നാൽ അതിന്റെ ഉത്തരവാദിത്വം കെ.എസ്.ഇ.ബി.എൽ. ഏറ്റെടുക്കില്ലെന്നും, അക്കാരണത്താൽ വൈദ്യുതി ഡിസ്കണക്ഷൻ ചെയ്യില്ലെന്നും വ്യക്തമാക്കണം. അത്തരം സാഹചര്യം വന്നാൽ അത് കൺസ്യൂമറും ലോൺ നൽകിയ ബാങ്കും തമ്മിൽ ആകണമെന്നും വ്യവസ്ഥ ചെയ്യുകയും വേണം.

ഈ പദ്ധതി മുഖേന കെ.എസ്.ഇ.ബി.എൽ.-നുള്ള നേട്ടങ്ങൾ നിരവധിയാണ്. ഒന്നിച്ച് പണം നൽകുവാൻ സാഹചര്യമില്ലാത്തവർക്ക് ഈ പദ്ധതി സഹായകമാകും. കുറഞ്ഞ പലിശ നിരക്കിന്റെ ഗുണം ലഭിക്കുകയും, ബാങ്ക് പലിശക്ക് ഇൻകം ടാക്സ് ആനുകൂല്യം ലഭിക്കുകയും മുഖേന കൂടുതൽ പൊതുജനങ്ങൾ പദ്ധതിയിൽ ചേരും. സോളാർ സ്ഥാപിക്കുന്ന കമ്പനികൾക്ക് പണലഭ്യത ഉറപ്പാകും. കെ.എസ്.ഇ.ബി.എൽ.-ന് ടാർജറ്റ് നേടാൻ സഹായകരവുമാവും.

മേൽ വിഷയം സൂചന കുറിപ്പ് പ്രകാരം മുഴുവൻ സമയ ഡയറക്ടർമാരുടെ പരിഗണനയ്ക്കായി സമർപ്പിക്കുകയുണ്ടായി. 20.10.2021-ന് ചേർന്ന മുഴുവൻ സമയ ഡയറക്ടർമാരുടെ യോഗം പ്രസ്തുത വിഷയം വിശദമായി ചർച്ച ചെയ്ത് ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ ആംഗീകരിച്ചു.

1. കെ.എസ്.ഇ.ബി.എൽ-ൽ ജീവനക്കാരിൽ നിന്നും, പെൻഷൻകാരിൽ നിന്നും, ശമ്പളത്തിൽ നിന്നും, പെൻഷനിൽ നിന്നും പ്രതിമാസം ലോൺ തുക പിടിച്ച് സ്റ്റേറ്റ്ബാങ്ക് ഓഫ് ഇന്ത്യക്ക് അടക്കുന്ന തരത്തിൽ ഒരു പദ്ധതി ആവിഷ്കരിക്കാൻ അനുമതി നൽകി.
2. ടി ആൾക്കാർക്ക് നിലവിലുള്ള സൗര സ്കീമിൽ രജിസ്ട്രേഷൻ നടത്തുമ്പോൾ ജീവനക്കാരനാണോ എന്നും, ലോൺ ആവശ്യമുള്ള പൊതുജനങ്ങൾക്കും കൂടി രേഖപ്പെടുത്താവുന്ന നിലയിൽ വെബ്പോർട്ടൽ രൂപപ്പെടുത്തുവാൻ ചീഫ് എഞ്ചിനിയർ ഐ.റ്റി.-യോട് നിർദ്ദേശിക്കാൻ തീരുമാനിച്ചു.
3. ലോൺ ആവശ്യമുള്ള പൊതു ജനങ്ങളുടെ പ്രതിമാസ ലോൺ തിരിച്ചടവ് തുക കൂടി രേഖപ്പെടുത്താവുന നിലയിൽ ഇപ്പോഴുള്ള വൈദ്യുതി ബില്ലിൽ ഭേദഗതി വരുത്തുവാൻ ചീഫ് എഞ്ചിനിയർ ഐ.റ്റി. -യോട് നിർദ്ദേശിക്കാൻ തീരുമാനിച്ചു.
4. കെ.എസ്.ഇ.ബി.എൽ. വൈദ്യുതി ബില്ല് കളക്ഷൻ ഇടപാടുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, കാനറാബാങ്ക്, ഫെഡറൽബാങ്ക് ഇവരുമായി ചർച്ച് ചെയ്ത് ധാരണയിലെത്താൻ ചീഫ് ഫിനാൻഷ്യൽ അഡ്വൈസർ, ചീഫ് എഞ്ചിനിയർ (REES) എന്നിവരെ ചുമതലപ്പെടുത്താൻ തീരുമാനിച്ചു.

വിശദാംശം ഡയറക്ടർ (റീസ്) മുഴുവൻ സമയ ഡയറക്ടർമാർക്ക് സമർപ്പിക്കാവുന്നതാണ്.

മുഴുവൻ സമയ ഡയറക്ടർമാരുടെ ഉത്തരവിൻ പ്രകാരം

ഒപ്പ്/-
ലേഖ.ജി.
കമ്പനി സെക്രട്ടറി-ഇൻ-ചാർജ്ജ്

സ്വീകർത്താവ്: ചീഫ് എഞ്ചിനീയർ (ഐ.റ്റി &സി.ആർ.)
ചീഫ് ഫിനാൻഷ്യൽ അഡ്വൈസർ.
ചീഫ് എഞ്ചിനീയർ (റീസ് & ചീഫ് സേഫ്റ്റി കമ്മീഷണർ)

പകർപ്പ്: ഫിനാൻഷ്യൽ അഡ്വൈസർ /ചീഫ് ഇന്റേണൽ ഓഡിറ്റർ.
കമ്പനി സെക്രട്ടറി -ഇൻ-ചാർജ്ജ്.
ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ (ഐ.റ്റി.).
ടി.എ.റ്റു ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
ടി.എ.റ്റു ഡയറക്ടർ (പ്ലാനിംഗ്, സേഫ്റ്റി & എസ്.സി.എം.)
ടി.എ.റ്റു ഡയറക്ടർ (ജനറേഷൻ-ഇലക്ട്രിക്കൽ).
ടി.എ.റ്റു ഡയറക്ടർ (ജനറേഷൻ - സിവിൽ)
ടി.എ.റ്റു ഡയറക്ടർ (ട്രാൻസ്മിഷൻ & സിസ്റ്റം ഓപ്പറേഷൻ.)
ടി.എ.റ്റു ഡയറക്ടർ (ഡിസ്ട്രിബ്യൂഷൻ & ഐ.റ്റി.)
ടി.എ.റ്റു ഡയറക്ടർ (റീസ്, സൗര, സ്പോർട്സ് & വെൽഫയർ)
പി. എ. റ്റു ഡയറക്ടർ (ഫിനാൻസ്.)
സി.എ.റ്റു സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ).
ചീഫ് പേഴ്സണൽ ഓഫീസർ.
ചീഫ് പബ്ളിക് റിലേഷൻ ഓഫീസർ.

ആജ്ഞാനുസരണം.

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ